| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| ഒൻപതാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4758 | 28.06.2013-ൽ മറുപടിക്ക് |
| കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.കെ.എസ്.സലീഖ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| സംസ്ഥാനത്ത് രൂപീകരിച്ച കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷന്റെ ചെയർപേഴ്സൻ നിയമനത്തിനു വേണ്ട യോഗ്യത എപ്രകാരമായിരിക്കണം എന്നാണ് സുപ്രീംകോടതി നിഷ്കർഷിച്ച് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ ചെയർപേഴ്സനെ ഇന്റർവ്യൂ ബോർഡ് തെരഞ്ഞെടുത്തത്; വിശദമാക്കുമോ? | കേരളം ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലും കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട് 2005-ലെ 17-ാം വകുപ്പ് പ്രകാരം കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. യോഗ്യത സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട നിയമത്തിലാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം നിശ്ചിത യോഗ്യതയുള്ള പ്രസ്തുത ഔദ്യോഗിക സ്ഥാനം ഫലപ്രദമായി നിർവ്വഹിക്കാൻ കഴിവുമുള്ള വ്യക്തിയെയാണ് ചെയർപേഴ്സനായി തെരഞ്ഞെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ